# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2404 07.02.2019-ൽ മറുപടിയ്ക്ക്**

## മഴുവന്നൂർ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) എറണാകുളം മഴുവന്നൂർ പഞ്ചായത്തിലെ കിൻഫ്രാ പാർക്ക്, റബ്ബർ പാർക്ക് എന്നീ വ്യവസായ സംരംഭങ്ങളിലായി എത്ര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുവെന്ന് അറിയിക്കുമോ; | (എ) കിൻഫ്രാ പാർക്കിൽ 73 സ്ഥാപനങ്ങളും റബ്ബർ പാർക്കിൽ 38 സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കിൻഫ്ര പാർക്കിൽ 1332 ജീവനക്കാരും റബ്ബർ പാർക്കിൽ 1158 ജീവനക്കാരും ഉണ്ട്. |
| (സി) ഒരു വർഷം പ്രസ്തുത ജീവനക്കാർ എത്ര രൂപ തൊഴിൽക്കരം ഒടുക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) കിൻഫ്ര പാർക്ക് ജീവനക്കാർ 186070/- രൂപയും റബ്ബർ പാർക്ക് ജീവനക്കാർ 230240/- രൂപയും ഒരു വർഷം തൊഴിൽക്കരമായി ഒടുക്കുന്നു. |
| (ഡി) ഇവരിൽനിന്നും കുടിശ്ശികയായ തൊഴിൽകരം പിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) കരം പിരിക്കുന്നത് സംബന്ധിച്ച് സംരംഭകരും പഞ്ചായത്തും തമ്മിൽ ഒരു കേസ് നിലനിൽക്കുന്നു (WPC No.13760/2018). കേസ് തീർപ്പാകുന്ന മുറക്ക് മാത്രമെ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ